## മൈക്രോസോഫ്റ്റ് സംസ്ഥാനത്തിന് നൽകുന്ന സേവനം

6 [2655] ശ്രീ. ജോർജ് ജെ. മാത്യു:
,, കെ. ബാബു:
,, കെ. മോഹൻകുമാർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈക്രോസോഫ്റ്റ് സംസ്ഥാനത്തിന് എന്തെങ്കിലും സേവനം നൽകുന്നുണ്ടോ; എങ്കിൽ അതെന്തെന്ന് വിശദീകരിക്കാമോ;

(ബി) മൈക്രോസോഫ്റ്റിന് ഈ സേവനത്തിന്റെ പേരിൽ എന്തു തുക നൽകുന്നുണ്ട്;

(സി) മൈക്രോസോഫ്റ്റ് സംസ്ഥാനത്തിന് എന്തെങ്കിലും സഹായം നൽകാമെന്നേറ്റിരുന്നുവോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. 200 സ്കൂളുകൾക്ക് ആവശ്യമായ സോഫ്റ്റ്വെയർ സൗജന്യമായി കേന്ദ്ര ഗവൺമെന്റ് മുഖാന്തിരം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഇതിന് വിപണിയിൽ 75 ലക്ഷത്തോളം വില വരും. കൂടാതെ സംസ്ഥാനത്തെ സ്കൂളുകൾക്ക് 85 ശതമാനത്തോളം വിലക്കിഴിവിൽ സോഫ്റ്റ്വെയറുകൾ നൽകാമെന്ന് വാഗ്ദാനം ചെയ്തിരുന്നു.

(ബി) ഈ പറഞ്ഞ സേവനം സൗജന്യമായാണ് നൽകുന്നത്.

(സി) മൈക്രോസോഫ്റ്റ് വിൻഡോസ് എക്സ്പ്ലോററിന്റെ മലയാളം പതിപ്പ് പുറത്തിറക്കാമെന്ന് ഏറ്റിരുന്നു. ഇതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ സംസ്ഥാനത്ത് അദ്ധ്യാപക പരിശീലനത്തിനായി ഒരു ഐ. ടി. അക്കാദമി സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. ഇതു സംബന്ധിച്ച നടപടികൾ നടന്നുവരുന്നു.

## സർക്കാർ വകുപ്പുകളുടെ കമ്പ്യൂട്ടർവൽക്കരണം

7 [2656] ശ്രീമതി മേഴ്സി രവി:
ശ്രീ. എൻ. ഡി അപ്പച്ചൻ:
,, ഇ. എം. അഗസ്തി:
,, എം. മുരളി:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകൾ പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്തു എന്നറിയിക്കുമോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം വകുപ്പുകൾ ഭാഗികമായി കമ്പ്യൂട്ടറൈസ് ചെയ്തു;

(സി) കമ്പ്യൂട്ടറൈസ് ചെയ്ത ഓഫീസുകൾ അത് പ്രയോജനപ്പെടുത്തുന്നുണ്ടോ;

(ഡി) കമ്പ്യൂട്ടറൈസ് ചെയ്ത ഓഫീസുകൾക്ക് ഇന്റർനെറ്റ് ബന്ധവും വെബ്സൈറ്റുമുണ്ടോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്തു.

(ബി) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളും സംസ്ഥാനത്തെ രജിസ്ട്രേഷൻ, ട്രഷറി, റവന്യൂ, തൊഴിൽ തുടങ്ങിയ വകുപ്പുകളും ഭാഗികമായി കമ്പ്യൂട്ടറൈസ് ചെയ്തു. പൂർണ്ണമായ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പ്രയോജനപ്പെടുത്തുന്നുണ്ട്.

(ഡി) എല്ലാ ഓഫീസുകളിലും ഇൻറർനെറ്റ് ബന്ധവും വെബ്സൈറ്റും ലഭ്യമായിട്ടില്ല. എന്നാൽ സംസ്ഥാന സെക്രട്ടേറിയറ്റിലും ജില്ലാ കളക്ടറേറ്റുകളിലും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പൂർണ്ണമായ വിവരം ശേഖരിച്ചുനൽകുന്നതാണ്.

സർക്കാർ വകുപ്പുകൾക്ക് ഇന്റർനെറ്റ് കണക്ഷൻ

8 [2657] ശ്രീ. കെ. മുഹമ്മദാലി:
,, എം. മുരളി:
,, ഇ. എം. അഗസ്തി:
,, എൻ. ഡി. അപ്പച്ചൻ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ ഏതെല്ലാം വകുപ്പുകൾക്ക് ഇന്റർനെറ്റ് സൗകര്യമുണ്ട്;

(ബി) ഏതെല്ലാം വകുപ്പുകളിൽ ഇന്റർനെറ്റ് ബന്ധം സ്ഥാപിക്കാൻ ബാക്കിയുണ്ട്;

(സി) ഈ വകുപ്പുകളിൽ ഇന്റർനെറ്റ് ബന്ധം സ്ഥാപിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ എന്നേയ്ക്ക് സ്ഥാപിക്കുമെന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാന സെക്രട്ടേറിയറ്റിലും ജില്ലാ കളക്ടറേറ്റുകളിലും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly